(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വിദ്യാഭ്യാസനവീകരണം

1 [791] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ വിദ്യാഭ്യാസ നവീകരണത്തിനുവേണ്ടി സർക്കാർ നിയമിച്ച വിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) വിദ്യാഭ്യാസ കമ്മീഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഗവൺമെന്റ് പരിശോധിച്ചു വരുന്നതേയുള്ളൂ.

വൃക്കവ്യാപാരം

2 [792] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കവ്യാപാരം സംബന്ധമായി ഏതെങ്കിലും കോടതി നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോടതി നിർദ്ദേശം നടപ്പാക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ഇക്കാര്യം സംബന്ധിച്ച് കോടതി നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോഴിക്കോട് ഒന്നാംക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരാണെന്ന് കണ്ടവർക്കെതിരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഫയൽ ചെയ്ത കേസിൽ അനന്തര നടപടി കേരള ഹൈക്കോടതി സ്റ്റേ ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ച് കോഴിക്കോട് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഡി.എം.ഇ. ഫയൽ ചെയ്ത കേസ്സിൻമേൽ കൂടുതൽ അന്വേഷണം നടത്തുന്നതിന് പോലീസിന് ഡയറക്ഷൻ നൽകി ഉത്തരവായിട്ടുണ്ട്. എന്നാൽ ബഹു. ഹൈക്കോടതി ആയത് സ്റ്റേ ചെയ്തിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly